# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 101

28.01.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾ നടത്തിയതിന്റെ പേരിൽ എത്ര വ്യക്തികളുടെ പേരിൽ കേസ്സെടുത്ത് അന്വേഷണം നടത്തുകയോ ജയിലിലടയ്ക്കുകയോ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾ നടത്തിയതിന്റെ പേരിൽ 19 വ്യക്തികളുടെ പേരിൽ കേസ്സെടുത്ത് അന്വേഷണം നടത്തി വരുന്നു.<br>തിരൂർ-1, നടക്കാവ് -2, ഇലത്തൂർ-2, വെള്ളയിൽ-2, കസബ -1, എന്നീ പോലീസ് സ്റ്റേഷനുകളിലായി 8 കേസുകളാണ്. |
| (ബി) ഈ കാലയളവിൽ സംഘപരിവാർ നേതാക്കൾ നടത്തിയ മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾക്കെതിരെ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്; | (ബി) ഈ കാലയളവിൽ സംഘപരിവാർ നേതാക്കൾ നടത്തിയ മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾക്കെതിരെ 2 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) അതിൽ എത്ര പേർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;എടുത്ത കേസ്സുകളിൽ ഏതെല്ലാം വകുപ്പുകൾ ചുമത്തി; | (സി) പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പോലീസ് സ്റ്റേഷൻ | ക്രൈം നമ്പർ | പ്രതികളുടെ വിവരം |
|---|---|---|---|
| 1 | തിരൂർ | 631/17 u/s | രാമൻകുട്ടി, ആർ.എസ്.എസ്., |

| | | | |
|---|---|---|---|
| | | 153(A) IPC | മലപ്പുറം ജില്ല സംഘ് ചാലക്. |
| 2 | കസബ | 1041/16 u/s 153(A) IPC | ശശികല ടീച്ചർ |

(ഡി) ഇത്തരം പ്രസംഗങ്ങളുടെ പേരിൽ കേസ്സെടുത്തിട്ട് നടപടി എടുക്കുന്നതിൽ ഉദ്യോഗസ്ഥർ മൃദുസമീപനം സ്വീകരിക്കുന്നുവെന്ന ആരോപണം ഗൗരവമായി പരിശോധിക്കുമോ;

(ഡി) ഇത്തരം ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇത്തരത്തിൽ സംഘപരിവാർ നേതാക്കൾക്കെതിരെ എടുത്ത എത്ര കേസ്സുകൾ സംസ്ഥാന സർക്കാർ പിൻവലിച്ചു; ഇനിയും എത്ര കേസ്സുകൾ പിൻവലിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു;വിശദമാക്കുമോ?

(ഇ) സംഘപരിവാർ നേതാക്കൾക്കെതിരെ എടുത്ത കേസ്സുകളൊന്നും നാളിതുവരെ സംസ്ഥാന സർക്കാർ പിൻവലിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ